


റൂഡിങ്സ്റ്റൺ എന്ന മുയൽക്കുട്ടൻ വളരെ സന്തോഷത്തോടെയും സമാധാനത്തോടെയും കഴിഞ്ഞു വരികയായിരുന്നു. എല്ലാ ദിവസവും രാവിലെ ആഹാരം കഴിച്ചശേഷം വീടെല്ലാം വൃത്തിയാക്കും. പിന്നെ പത്രവായന. ചിലപ്പോഴൊക്കെ കൂട്ടുകാരനായ ആഷ്ബൈ അണ്ണാനോടൊപ്പം ചെസ്സ് കളിക്കും.

ഉച്ചയ്ക്ക് സാധനങ്ങൾ വാങ്ങാൻ കടയിൽ പോകും. വൈകുന്നേരമായാൽ നെരിപ്പോടിനരികിലിരുന്ന് ഒരു കപ്പ് ചായകുടിക്കുന്നതായിരുന്നു അവന്റെ ഏറ്റവും ഇഷ്ടകാര്യം. അതിനൊപ്പം ഒരു നല്ല പുസ്തകവും വായിക്കും.

ശാന്തസുന്ദരജീവിതം അവൻ വളരെ ആസ്വദിച്ചിരുന്നു. അവന്റെ ഓരോ ദിനവും ഇങ്ങനെ ചിട്ടയായും, ഭംഗിയായും നീങ്ങിക്കൊണ്ടിരുന്നു.

എന്നാൽ സ്കേറിങ്സ്റ്റൺ മൂങ്ങച്ചാർ മുയൽക്കുട്ടന്റെ വീടിനു തൊട്ടു മുകളിൽ താമസം തുടങ്ങിയതോടെ കാര്യങ്ങളെല്ലാം കുഴഞ്ഞുമറിഞ്ഞു.

സ്കേറിങ്സ്റ്റൺ മൂങ്ങ വളരെ സ്നേഹസമ്പന്നനായിരുന്നു. മറ്റുള്ളവരോട് കരുണയുള്ളവനായിരുന്നു. കൂടാതെ അവന്റെ വീട് വളരെ വൃത്തിയായി സൂക്ഷിച്ചിരുന്നു. നല്ലവനും, പാവത്താനു മായ മൂങ്ങച്ചാർ ഒരു നല്ല അയൽക്കാരനുമായിരുന്നു.

പക്ഷേ, മൂങ്ങയെ നല്ല അയൽക്കാരനെന്ന് മുയൽകുട്ടൻ സമ്മതിച്ച് തരില്ല. മൂങ്ങച്ചാരുടെ ഒരേയൊരു ദുശ്ശീലമായിരുന്നു അതിന് കാരണം.

എന്താണാ ദുഃശ്ശീലം എന്നറിയാമോ? മൂങ്ങച്ചാർ വളരെ ബഹളക്കാരനായിരുന്നു. എല്ലാ രാത്രികളിലും മുയൽക്കുട്ടൻ ഉറങ്ങാൻ തുടങ്ങുമ്പോഴേക്കും മൂങ്ങച്ചാർ ഉറക്കമുണരും. മുയൽക്കുട്ടൻ പുതപ്പിനുള്ളിലേക്ക് ചുരുണ്ടുകൂടി സ്വപ്ന

ചോളത്തിൽ നിന്ന് വേർതിരിച്ചെടുക്കുന്ന എണ്ണ - മാർഗറിൻ

ലോകത്തേക്കു പ്രവേശിക്കുമ്പോൾ നമ്മുടെ മൂങ്ങച്ചാർ തന്റെ കച്ചേരി ആരംഭിക്കും.

''ഹൂ...ഹൂ...ഹൂൂ'' മൂങ്ങ ഉച്ചത്തിൽ മൂളാൻ തുടങ്ങും. 'ഹൂ.... ഹൂ...ഹൂൂ, ഹൂ...ഹൂ...ഹൂൂ'


രാത്രി മുഴുവൻ സംഗീതക്കച്ചേരി തുടർന്നു കൊണ്ടേയിരിക്കും. പാവം മുയൽക്കുട്ടൻ. അവൻ തിരിഞ്ഞും മറിഞ്ഞും കിടക്കും. പക്ഷേ അവന് മയങ്ങാൻ കഴിഞ്ഞിരുന്നില്ല.

''ഞാനെന്തെങ്കിലും ചെയ്തേ പറ്റൂ'' ഒരു രാത്രിയിൽ അവൻ സ്വയം പിറുപിറുത്തു. അവൻ കട്ടിലിൽ നിന്ന് ചാടിയിറങ്ങി ജനാലയ്ക്കരികിലെത്തി.

''ദയവായി നിങ്ങളുടെ ശബ്ദമൊന്നു കുറയ്ക്കാമോ'' ജനാലയിലൂടെ തല പുറത്തേയ്ക്ക് നീട്ടി അവൻ ഉറക്കെ നിലവിളിച്ചു.

മൂങ്ങച്ചാർ അത്യുച്ചത്തിൽ മൂളുകയായിരുന്നു. അതിനാൽ മുയൽക്കുട്ടൻ പറഞ്ഞത് മൂങ്ങയ്ക്ക് കേൾക്കാൻ കഴിഞ്ഞില്ല.

നിരാശനായ മുയൽക്കുട്ടൻ ചുമരലമാരയിൽ നിന്നും നല്ല നീളമുള്ള



ഒരു ചൂലെടുത്തു. എന്നിട്ട് ചൂലിന്റെ പിടികൊണ്ട് മച്ചിൽ ആഞ്ഞു തട്ടി. ടക്ക്! ടക്ക്! ടക്ക്. എന്നാൽ മൂങ്ങച്ചാർ കൂടുതൽ ഉച്ചത്തിൽ മൂളിക്കൊണ്ടിരുന്നു.

''ഞാനങ്ങോട്ട് പോയേ പറ്റൂ'' മുയൽക്കുട്ടൻ പിറുപിറുത്തുകൊണ്ട് അതിവേഗം പടിക്കെട്ടുകൾ കയറി മുകൾ നിലയിലെത്തി. എന്നിട്ട് മൂങ്ങച്ചാരുടെ വാതിലിൽ തട്ടിവിളിച്ചു. മൂങ്ങ വാതിൽ തുറന്നപ്പോൾ മുയൽ തന്റെ പരാതിക്കെട്ടഴിച്ചു.

''അതേയ്... സമയമിപ്പോൾ രണ്ടു മണിയായി. നേരം പുലരാൻ ഇനി അധിക സമയവുമില്ല. എന്നിട്ടും ഇതുവരെ എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. നിങ്ങൾക്ക് ഒരൽപം പതുക്കെ മൂളാനാവില്ലേ?''



''അയ്യയ്യോ, എന്നോട് ക്ഷമിക്കണേ... ഞാനത് ഓർത്തില്ല. ഇനി മേലാൽ ഞാൻ ശബ്ദം കുറയ്ക്കാം. തീർച്ച'' മൂങ്ങച്ചാർ വിനയത്തോടെ മാപ്പു പറഞ്ഞു.

''വളരെ നന്ദി'' ഇങ്ങനെ പറഞ്ഞ മുയൽക്കുട്ടൻ വീട്ടിലേക്കു മടങ്ങി. അവന് അത്യധികം ഉറക്കക്ഷീണമുണ്ടായിരുന്നു. അതിനാ ൽ കട്ടിലിൽ കിടക്കും മുമ്പേ ആശാൻ നല്ല ഉറക്കത്തിലായി.

അടുത്ത രണ്ട് രാത്രികളിലും മൂങ്ങയുടെ ശബ്ദം വളരെ കുറവായിരുന്നു. ഉറക്കമില്ലാത്ത രാത്രികൾ ഇനി മേലാൽ ഉണ്ടാകില്ലെന്ന് മുയൽക്കുട്ടൻ ആശ്വസിച്ചു.

എന്നാൽ ആ വിശ്വാസം അപ്പാടെ തെറ്റിച്ചു കൊണ്ട് മൂന്നാമത്തെ രാത്രിയിൽ. മൂങ്ങയുടെ മൂളൽ വീണ്ടും ഉച്ചത്തിൽ മുഴങ്ങി. നാലാമത്തെ രാത്രിയിലും അതാവർത്തിച്ചു.

അങ്ങനെ പഴയപോലെ ഉറക്കമില്ലാത്തതായി മുയൽക്കുട്ടൻ വീണ്ടും മൂങ്ങയെ കാണാനെത്തി.

''ദയവായി എനിക്ക് മാപ്പ് തരണേ''' മൂങ്ങ പറഞ്ഞു. ''ഞങ്ങൾ രാത്രി കാലങ്ങളിലാണ് മൂളുന്നത്. വള




രെ ഉച്ചത്തിൽ മൂളാനാണ് ഞങ്ങൾ ശ്രമിക്കുക. എത്ര യും ഉച്ചത്തിൽ മൂളാമോ അത്രയും നല്ലത്. അതാണ് ഞങ്ങളുടെ ധർമം. നിങ്ങൾ ദയവായി സഹകരിക്കണം. എന്തായാലും നാം അയൽക്കാരല്ലേ. നല്ല അയൽക്കാർ തമ്മിൽ സഹകരണം വേണ്ടതല്ലേ?''

അടുത്ത ദിവസം രാവിലെ ആഷ്ബൈ അണ്ണാറക്കണ്ണൻ മുയൽക്കുട്ടനെ കാണാനെത്തി. ''ഹൊ എന്തൊരു ക്ഷീണം. എനിയ്ക്കിന്ന് ചെസ്സ് കളിക്കാൻ കഴിയില്ല കേട്ടോ'' മുയൽക്കുട്ടൻ വിഷമത്തോടെ പറഞ്ഞു.

''ഓ നിന്റെ ആ അയൽക്കാരൻ വീണ്ടും ബഹളം തുടങ്ങിയോ'' അണ്ണാറക്കണ്ണൻ സഹതാപത്തോടെ ചോദിച്ചു.

''അതെ, ഞാനിനി എന്ത് ചെയ്യും? എനിക്കൊരു എത്തുംപിടിയും കിട്ടുന്നില്ല.'' മുയൽക്കുട്ടൻ തേങ്ങിക്കൊണ്ട് പറഞ്ഞു.

''കിടക്കാൻ നേരം നീ ചെവിത്തൊപ്പി ധരിച്ചു നോക്ക്.'' അണ്ണാറ ക്കണ്ണൻ നിർദ്ദേശിച്ചു.

'ഇതൊരു നല്ല ഉപായം തന്നെ'' എന്ന് മുയൽക്കുട്ടൻ കരുതി. അങ്ങനെ അന്ന് തന്നെ അവൻ ഒരു ജോഡി തൊപ്പി വാങ്ങി. മൃദു രോമത്താൽ നിർമ്മിച്ചതും വളരെ കട്ടിയുള്ളതുമായിരുന്നു അത്.

മുയൽക്കുട്ടന് വളരെ വലിയ ചെവിതൊപ്പി തന്നെ വേണമായിരുന്നു. എന്നാൽ രാത്രിയിൽ അത് ഉപയോഗിച്ചപ്പോൾ അവന് വളരെയധികം ചൂടും, അസ്വസ്ഥതയും തോന്നി. അതിനാൽ അവനത് ചെവിയിൽ നി ന്നും എടുത്തു മാറ്റേണ്ടി വന്നു.

(തുടരും)

മൊഴിമാറ്റം:

● എം.സി